(ബി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ ആനുകൂല്യത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 2004 മാർച്ച് മാസം വരെ 10,76,445 പേർ അംഗത്വം എടുത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ യൂണിയനുകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(സി) ഈ ആവശ്യങ്ങൾ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പരിഗണിച്ച് വരികയാണ്.

പരമ്പരാഗത വ്യവസായ മേഖല സംരക്ഷിക്കുന്നതിന് നടപടി

*21 [110] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, ടി. കെ. ദേവകുമാർ:

,, കെ. വി. കുഞ്ഞിരാമൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയിലെ വ്യവസായങ്ങൾ തകർന്നു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനിടയായ സാഹചര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ഏതെല്ലാം നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇപ്പോഴും പരിഗണനയിലിരിക്കുന്ന പ്രഖ്യാപിത പരിപാടികൾ എന്തൊക്കെയാണ്;

(ഇ) പരമ്പരാഗത വ്യവസായ മേഖലയുടെ തകർച്ചയെ തുടർന്നു ജോലി നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കയർ മേഖലയിൽ ഡിസ്ട്രസ് പർച്ചേസ് പദ്ധതി, വിപണി വികസന സഹായം, നിയന്ത്രിത യന്ത്രവൽക്കരണം, മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടു വിതരണം, വനിതാ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനു ധന സഹായം, ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി റോ മെറ്റീരിയൽ, ബാങ്ക് സ്ഥാപി ക്കുന്നതിനു ധനസഹായം, ഗവേഷണ പരിപാടികൾ നടപ്പിലാക്കുന്നതിനായി ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ നട പടികൾ തുടങ്ങിയവ നടപ്പാക്കി വരുന്നു.

കൈത്തറി മേഖലയിൽ ദീൻദയാൽ കൈത്തറി വികസന പദ്ധതി, റിബേറ്റ് ആന്റ് മാർക്കറ്റ് ഇൻസെന്റീവ് സ്കീം, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം, ഇന്റഗ്രേ റ്റഡ് ഹാന്റ്ലൂം ട്രെയിനിംഗ് പ്രോജക്ട്, ഹാങ്ക്യാൺ സബ്സിഡി, നെയ്ത്തിലും ഡൈയിംഗിലും ഡിസൈനിംഗിലും വിദഗ്ദ്ധ പരിശീലനം ഫാക്ടറി ടൈപ്പ് സംഘ ങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന തിനു ധനസഹായം, സ്വകാര്യ മേഖലയിൽ കൈത്തറി യൂണിറ്റുകൾ ആരംഭിക്കുന്ന തിനു ധനസഹായം തുടങ്ങിയവ നടപ്പാക്കി വരുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് പരിശീലനം, പെൻഷൻ, പാർപ്പിടത്തോടുകൂടിയുള്ള പണിശാല, പ്രാഥമിക കരകൗശല സഹകരണ സംഘ ങ്ങൾക്കു ധനസഹായം, അപ്പെക്സ് സംഘമായ സുരഭി, കൈരളി, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ബാംബു കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്കു പ്രവർത്തന വിപുലീകരണ വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള ധന സഹായം എന്നിവ നടപ്പാക്കി വരുന്നു. ഈറ, മുള എന്നിവയുടെ വികസനത്തി നായി ബഡ്ജറ്റിൽ അനുവദിച്ചതിനു പുറമെ ഉപധനാഭ്യർത്ഥന പ്രകാരം 75 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കശുവണ്ടി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി ആധുനികവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ സംരക്ഷണത്തിനായി 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്കു നൽകുവാനുള്ള 107 കോടി രൂപയുടെ കടബാദ്ധ്യത തീർക്കുവാനായി അഞ്ച് ഗഡുക്കളായി സർക്കാർ വായ്പ നൽകാൻ തീരുമാ നിക്കുകയും അതിൻപ്രകാരം ആദ്യ ഗഡു നൽകുകയും ചെയ്തു. അതുപോലെ കാപ്പക്സിന്റെ ബാങ്ക് ക്രഡിറ്റ് ലഭ്യമാക്കുന്നതിനു വേണ്ടി 7.25 കോടി രൂപയുടെ ബാങ്ക് ഗ്യാരണ്ടിയും നൽകുകയുണ്ടായി. ഈ നടപടികളുടെ ഫലമായി രണ്ട് സ്ഥാപനങ്ങളുടെയും കീഴിലുള്ള സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചു വരുന്നു. കൂടാതെ 2002-ലെ പാക്കേജിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷനു 12 കോടിയും കാപ്പക്സിനു 3 കോടിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കയർ മേഖലയിൽ കയറും കയറുൽപ്പന്നങ്ങളുടെയും ദേശീയ അന്തർദേശിയ വിപണിയെ പറ്റിയുള്ള പഠനം, സഹകരണ സംഘങ്ങൾക്കു ഉൽപ്പാദന/വിപണന സഹായം, ഉൽപ്പാദനശേഷി കൂടിയ റാട്ടുകൾ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമം എന്നിവയും കരകൗശല മേഖലയിൽ അർബൺ ഹാത്ത്, ബാബാ സാഹേബ് അംബേദ്കർ ഹസ്തശിൽപ വികാസ് യോജന എന്നിവയും കശുവണ്ടി മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച 107 കോടി രൂപയുടെ ബാക്കി 4 ഗഡു കൊടുക്കുന്നതിനുള്ള നടപടികൾ എന്നിവയും, കൂടാതെ കൈത്തറി മേഖലയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ മേഖലയുടെ സമഗ്രമായ വികസനത്തിനു വേണ്ടിയുള്ള പരമ്പരാഗത വ്യവസായ സഹായ നിധിയുടെ രൂപീകരണം സംബന്ധിച്ച നടപടികളും സ്വീകരിച്ച് വരുന്നു.

(ഇ) ഇല്ല.

വനഭൂമിയിലെ കയ്യേറ്റങ്ങൾ

*22 [111] ശ്രീ. വി. ചെന്താമരാക്ഷൻ:

,, പി. സി. ജോർജ്ജ്:

,, കോടിയേരി ബാലകൃഷ്ണൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ വ്യാപകമായി കയ്യേറ്റങ്ങൾ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി സർക്കാരിലേക്ക് വീണ്ടെടുക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ അധീനതയിലുണ്ടായിരുന്ന എത്ര ഹെക്ടർ സ്ഥലമാണ് വനം കയ്യേറ്റത്തിന്റെ ഫലമായി നഷ്ടപ്പെട്ടിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഇതിൽ എത്ര ഹെക്ടർ വനഭൂമി വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏതെല്ലാം വനമേഖലകളിൽ നിന്നുമാണ് വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുള്ളതെന്നും പറയാമോ;

(എഫ്) സംസ്ഥാനത്ത് വനമേഖലയിൽ കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ):

(എ) വ്യാപകമായി കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആദിവാസി ഭൂസമരത്തോടനുബന്ധിച്ച് ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ 2002-2003 വർഷങ്ങളിൽ 225 ഹെക്ടറോളം വനഭൂമി കയ്യേറപ്പെട്ടിട്ടുണ്ട്. കൂടാതെ 1-1-1977-നു ശേഷമുള്ള കയ്യേറ്റങ്ങളിൽ ഒഴിപ്പിക്കേണ്ടതായ (ആദിവാസി കയ്യേറ്റം ഉൾപ്പെടെ) 7289.3377 ഹെക്ടർ വനഭൂമി കയ്യേറ്റക്കാരുടെ കൈവശത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly